**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.816.** **27.04.2017 ൽ മറുപടിയ്ക്ക്**

## വ്യാജമദ്യം, കഞ്ചാവ് മുതലായവ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യാജമദ്യ – മയക്കു മരുന്ന് ഉപയോഗം തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് സംസ്ഥാനത്ത് എത്ര റെയിഡുകൾ നടത്തിയിട്ടുണ്ട്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 25/05/2016 തീയതി മുതൽ 31/03/2017 തീയതി വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | 1330 ലിറ്റർ സ്പിരിറ്റ്, 3242 ലിറ്റർ ചാരായം, 133740 ലിറ്റർ കോട, 9973 ലിറ്റർ അന്യസംസ്ഥാന മദ്യം, 1140 ലിറ്റർ മറ്റ് വ്യാജമദ്യങ്ങൾ മുതലായവ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്; | (സി) | 742 കിലോഗ്രാം കഞ്ചാവ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | എത്ര കിലോ നിരോധിത പുകയില ഉല്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; | (ഡി) | 34484 കിലോഗ്രാം ഹാൻസ്, പാൻപരാഗ്, സിഗരറ്റ്, ബീഡി തുടങ്ങിയവ അടക്കമുള്ള പുകയില ഉൽപ്പന്നങ്ങളും അവയുടെ 1337665 പാക്കറ്റും, എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. |
| (ഇ) | മറ്റു നിരോധിത ലഹരി ഉല്പന്നങ്ങൾ എത്ര പിടിച്ചെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ഇ) | 2286 കഞ്ചാവ് ചെടികളും 11.246 കിലോഗ്രാം ഹാഷിഷ് ഓയിലും 39.61 ഗ്രാം ഹെറോയിനും 105.14 ഗ്രാം ബ്രൗൺഷുഗറും 34 ഗ്രാം ഓപ്പിയവും 170 ഗ്രാം ചരസും 57 ആംപ്യൂളുകളും 7544 ടാബ്ലറ്റുകളും പിടിച്ചെടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | വ്യാജമദ്യ - നിരോധിത പുകയില ഉല്പന്നങ്ങൾ, കഞ്ചാവ് തുടങ്ങിയവ കണ്ടെത്തുന്നതിന് നിരന്തരം റെയ്ഡുകൾ നടത്തുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | വ്യാജമദ്യ-നിരോധിത പുകയില ഉൽപ്പന്നങ്ങൾ, കഞ്ചാവ് തുടങ്ങിയവ കണ്ടെത്തുന്നതിനും അവയുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും അനധികൃത കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/ ഹൈവേ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുള്ളതുമാണ്. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**